ഷിഫ്റ്റായിട്ടു പ്രവർത്തിക്കാനാവശ്യമായ നടപടിയുമെടുക്കണം. ഈ നഷ്ടം വരുത്തിയത് ആരാണെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം അന്വേഷിച്ച് നടപടിയെടുക്കാനുള്ള ദയവുണ്ടാകണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, ബഹുമാന പ്പെട്ട മെമ്പർ പറഞ്ഞതിനോട് ഞാൻ യോജിക്കാൻ തയ്യാറല്ല. നാളികേ വികസന കോർപ്പറേഷന്റെ സ്ഥിര തൊഴിലാളികൾക്കാർക്കും തൊഴിലില്ലാ വന്ന സാഹചര്യമുണ്ടായിട്ടില്ല. കോർപ്പറേഷനിൽ സ്ഥിരം ജോലിക്കാരായി 164 പേരാണുള്ളത്. രണ്ടു ഫാക്ടറികളിലുമായി ദിവസക്കൂലിക്കാരായി 211 പേരുമുണ്ട്. അവർക്ക് ആവശ്യമനുസരിച്ച് ജോലി നൽകുന്നുണ്ട്. കൊപ്ര സംഭരണ കേന്ദ്രങ്ങൾ പുതുതായി തുടങ്ങാൻ കോർപ്പറേഷന് ആലോ ചനയുണ്ട്. അവ തുടങ്ങുമ്പോൾ ആവശ്യമനുസരിച്ച് കാഷ്വൽ ജീവനക്കാർക്ക് കൂടുതൽ ജോലി ലഭിക്കുന്നതാണ്. ഇങ്ങനെയുള്ള പരാതികളൊന്നും ഇതുവരെ ഗവൺമെന്റിനു കിട്ടിയിട്ടില്ല. പരാതികൾ തരുകയാണെങ്കിൽ അതേക്കുറിച്ച് അന്വേഷിക്കാം.

15. കർഷക സംഘടനാ നേതാക്കളുടെ നിരാഹാര സത്യാഗ്രഹം

ശ്രീമതി കെ. ആർ. ഗൗരി : സർ, കഴിഞ്ഞ ആറാം തീയതി മുതൽ കർഷക സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ജില്ലാകളക്ടറേറ്റുകളുടെ മുമ്പിലും സെക്രട്ടേ റിയറ്റിന്റെ മുമ്പിലും വിവിധ കർഷകസംഘടനകളുടെ നേതാക്കൻമാരും എം. എൽ. എ. സഖാവ് കെ. പി. അരവിന്ദാക്ഷനടക്കം നിരാഹാര സമരത്തി ലാണ്. അവർ 14 ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. അത് അടിയന്തി രമായി ചെയ്തു തീർക്കേണ്ട ആവശ്യങ്ങളാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസ നടപടികളും കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വേഗം നടപ്പിലാക്കണം. ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് വേഗം നടപ്പിലാക്കുന്നതിനുള്ള നടപടികളെടുക്കുകയും അത് പ്രസിദ്ധീകരിക്കുകയും വേണം, കർഷിക കടങ്ങൾക്കു അടിയന്തിര ആശ്വാസം വേണം. കൈവശകൃഷിക്കാർക്ക് പട്ടയം കൊടുക്കാനും വെളിച്ചെണ്ണയുടേയും റബ്ബർ ഉല്പന്നങ്ങളുടേയും കൊപ്ര യുടേയും ഇറക്കുമതി നിരോധിക്കണം. ഉല്പാദനച്ചെലവുമായി ബന്ധ പ്പെടുത്തി കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പ് വരത്തക്കവിധ ത്തിലുള്ള നടപടികളും എടുക്കണം. ഇങ്ങനെ അടിയന്തര പ്രാധാന്യമുള്ള 14 ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. ഈ ആവശ്യങ്ങളെ സംബന്ധിച്ച് പല കാലങ്ങളിലായി ഗവൺമെന്റിനോട്. അതിൽ പ്രത്യേകിച്ച് ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ, ആദ്യം അത് പ്രസിദ്ധീകരിക്കുകയില്ലെന്നു പറഞ്ഞു; പിന്നീട് അത് പ്രസിദ്ധീ കരിക്കാമെന്നു പറഞ്ഞു. പിന്നെ അത് എങ്ങനെയോ ഗവൺമെന്റ് അറിഞ്ഞി ല്ലായെന്നു പറഞ്ഞാലും അതിന്റെ ശുപാർശകളിൽ പറയുന്നത് ശരിയോ തെറ്റോ ആയാലും, അത് പത്രത്തിൽ വന്നതു കണ്ടിട്ട് അതേ വിഷയമുള്ളവർ എഴുതിയതാണെന്നു തോന്നിയിട്ടുണ്ട്. ആ വിധത്തിൽ ആ റിപ്പോർട്ട് പ്രസിദ്ധീകരിക്കണമെന്നു പറയുകയും ചെയ്തു. ജനാർദ്ദനൻ നായർ എന്നു പറയുന്നത് വെറും ഒരു അഗ്രിക്കൾച്ചറൽ ഓഫീസറാണെന്നും, അതുകൊണ്ട് ആ റിപ്പോർട്ട് എന്തിനാണെന്നുമുള്ള നിലയിലുള്ള രീതിയാണ് ഇന്നലെ ധനകാര്യ വകുപ്പുമന്ത്രിയുടെ സംസാരത്തിൽ നിന്നു മനസ്സിലായത്. കേരളത്തിലെ കൃഷിക്കാരെ സംബന്ധിച്ച് ഈ ആവശ്യങ്ങൾ പരമാ ന്തമായിട്ട് അടിയന്തിരമായിട്ട് ചെയ്തു കിട്ടേണ്ട ഒന്നാണ്. വെള്ളപ്പൊക്കമോ വരൾച്ചയോ കൊണ്ട് കൃഷി പോയാൽ കൃഷിക്കാർക്ക് സമയത്തിന് ആശ്വാസ നടപടികളും സഹായവും കിട്ടിയില്ലെങ്കിൽ പിന്നെ വേറെ ഒന്നുമുണ്ടാകുകയില്ല. ഞാൻ ഇപ്പോൾ എന്റെ നിയോജകമണ്ഡലത്തിന്റെ കാര്യം തന്നെ പറയാം.

LIBRARY ARCHIVES Kerala Legislative Assembly

4,500 ഹെക്ടർ സ്ഥലത്തെ കൃഷി നഷ്ടപ്പെട്ടു. വിത്ത് സമയത്തിന് കിട്ടാത്തതുകൊണ്ട് കൃഷിയിറക്കാൻ പറ്റിയില്ല എന്ന് കൃഷിക്കാർ പറയുന്നു. ആ നിലയിൽ സമയത്തിന് കർഷകർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ കിട്ടിയില്ലെങ്കിൽ ബുദ്ധിമുട്ടാണ്. അതുകൊണ്ട് അത് കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കൃത്യസമയത്തു തന്നെ ചെയ്യണം. ഇപ്പോൾ തന്നെ 26 കോടിയോ മറ്റോ കിട്ടിയെന്നു പറഞ്ഞു. അടിയന്തിരമായി അതുകൊണ്ട് അക്കാര്യത്തിൽ നടപടിയെടുക്കണം. അതുപോലെതന്നെ കർഷകർക്ക് കടങ്ങൾക്ക് ആശ്വാസം നൽകണമെന്നു പറഞ്ഞു. ഇത് ഏതാണ്ട് ചെയ്യാൻ പാടില്ലാത്ത സംഗതിയൊന്നുമല്ല ഇതിനുമുൻപ് ഇവിടെ മൂവായിരം രൂപ വരെയുള്ള കടങ്ങൾ റദ്ദ് ചെയ്തിട്ടുണ്ട്. ഇതിനുമുൻപും ഉണ്ടായിരുന്ന 3,000 രൂപ വരെയുള്ള കടങ്ങളുടെ പലിശ ഇളവ് ചെയ്തിട്ടുണ്ട്. അതിന് കോടിക്കണക്കിന് രൂപ ആയിട്ടുണ്ടായിരിക്കാം. ഇനി കൃഷിക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽ അവർക്ക് പിടിച്ചുനിൽക്കണമെങ്കിൽ ചെയ്യേണ്ട നടപടികളിൽ ഒന്നാണ് ഉല്പാദനം വർദ്ധിപ്പിക്കുക എന്നത്. അതിന് അവരെ പ്രാപ്തരാക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് ഗവൺമെന്റ് എടുക്കേണ്ടത്. പിന്നെ പട്ടയം കൊടുക്കുന്ന കാര്യം. പട്ടയം കൊടുക്കുന്നതാർക്കാണ്? ഇതിനെക്കുറിച്ച് പറഞ്ഞാൽ ഏലം കൃഷിക്കാർ പോലുള്ള വലിയ കൃഷിക്കാർക്കാണ് പട്ടയം കൊടുത്തിരിക്കുന്നു. പാവപ്പെട്ടവന് കൊടുക്കുകയില്ല. കടപ്പുറത്തെ ആളുകൾക്ക് അതുപോലെ ചെറിയ ചെറിയ കൃഷിക്കാർക്ക്, ദീർഘകാലമായി കൃഷി ചെയ്തു കഴിയുന്ന പാവപ്പെട്ട കർഷകർക്ക് പട്ടയം കൊടുക്കുകയില്ല. പട്ടയം കൊടുക്കാതിരുന്നാൽ പുരവയ്ക്കാൻ കഴിയുകയില്ല. ആറായിരം രൂപ ഒരു പുര വയ്ക്കണമെങ്കിൽ കിട്ടണം. അതുപോലെ നമ്മുടെ നാട്ടിൽ എല്ലാവിധ കൃഷിക്കാരേയും ഒരുപോലെ കാണണം. നമ്മൾ എന്നേ ആവശ്യപ്പെടുന്നതാണ് എണ്ണയും കൊപ്രയും ഇറക്കുമതി ചെയ്യുന്നതെന്ന്. അതിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. അതിന് കഴിയുന്നവിധത്തിൽ ഈ ഗവൺമെന്റ് എന്തെങ്കിലും നടപടിയെടുത്താൽ ഞങ്ങൾ അതിനെ അനുകൂലിക്കാം. ഇതെല്ലാം വച്ചുകൊണ്ട് ഗവൺമെന്റിന് ചെയ്യാവുന്ന സംഗതികൾ എന്തൊക്കെയാണ്. ഈ വക സംഗതികളെ സംബന്ധിച്ച് ഒരു ചർച്ചയ്ക്ക് പോലും ഗവൺമെന്റ് തയ്യാറല്ല. ഒരുകാര്യം പറഞ്ഞാൽ പണ്ട് ആരോ പറയുമ്പോലെ 'റോമാ നഗരം കത്തിയെരിയുമ്പോൾ നീറോ ചക്രവർത്തി വീണ വായിക്കുക' എന്ന സ്ഥിതിയിലായിട്ടുണ്ട്. അതുപോലെയാണ് ഇവിടത്തെ സർക്കാർ എടുക്കുന്ന നടപടികൾ. ഈ ആവശ്യങ്ങൾ വച്ചുകൊണ്ട് വൻപിച്ച ഒരു വിഭാഗം കൃഷിക്കാർ അവരുടെ സംഘടനയുടെ നേതാക്കൻമാർ നടത്തുന്ന സമരങ്ങൾ— കൂടിയാലോചിച്ച് ചെയ്യാവുന്ന കാര്യങ്ങൾ, എന്തൊക്കെ ചെയ്യാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് അടിയന്തിരമായി നടപടികൾ സ്വീകരിക്കണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ ഇക്കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ ഇവിടത്തെ കർഷക സംഘടനകൾ ഒരു സംയുക്ത മെമ്മോറാണ്ടം സർക്കാരിന് നല്കുകയുണ്ടായി. പ്രകൃതിക്ഷോഭം മൂലം ഉണ്ടായ നാശനഷ്ടങ്ങൾക്ക് പൂർണ്ണമായി നഷ്ടപരിഹാരം നല്കുക, നെൽക്കൃഷിക്കാർക്ക് കൃഷിച്ചെലവിന്റെ 50% ഉൾപ്പെടെയുള്ള അടിയന്തിര സഹായങ്ങൾ നടപ്പിലാക്കുക, വെളിച്ചെണ്ണ, കൊപ്ര തുടങ്ങിയ ഉല്പന്നങ്ങളുടെ ഇറക്കുമതി പൂർണ്ണമായും തടയുക, നാളികേരം മുഴുവൻ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും സംവിധാനമുണ്ടാക്കുക, ഏലം, കാപ്പി, ചുക്ക് എന്നിവയ്ക്ക് ശരിയായ വില ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക, കാർഷിക കടങ്ങൾ റദ്ദ് ചെയ്യുക, ജലസേചന പദ്ധതികൾ പൂർത്തിയാക്കുക, മലയോര കർഷകർക്ക് പട്ടയം നല്കുക, തുടങ്ങിയവയാണ്

LIBRARY ARCHIVES Kerala Legislative Assembly

മെമ്മോറാണ്ടത്തിൽ പറയുന്ന പ്രധാനമായ ആവശ്യങ്ങൾ. ഈ ആവശ്യങ്ങൾ മുൻനിർത്തിയാണ് ഇപ്പോൾ അവർ സത്യാഗ്രഹം നടത്തുന്നത്. ബജറ്റ് പ്രസംഗത്തിൽ അവതരിപ്പിച്ച ആവശ്യങ്ങളിൽ പലതിനും നടപടികൾ സർക്കാർ.... ....(ബഹളം).....ഇതിനകം തന്നെ എടുത്തു കഴിഞ്ഞിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം കൃഷിക്കാർക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇപ്പോൾ തന്നെ പരിഹാരം നല്കുന്നുണ്ട്. നഷ്ടപരിഹാരത്തിന്റെ തോത് കഴിഞ്ഞവർഷം ഗണ്യമായി വർദ്ധിപ്പിക്കുകയുണ്ടായി. ഇറക്കുമതി ചെയ്ത കൊപ്ര വിപണനം ചെയ്യുന്നത് നിർത്തിവയ്ക്കാൻ എസ്. ഡി. സി. യോട് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. വെളിച്ചെണ്ണയോ കൊപ്രയോ ആസന്നഭാവിയിൽ ഇറക്കുമതി ചെയ്യുന്നതല്ലെന്ന് കേന്ദ്ര ഗവൺമെന്റ് ഉറപ്പ് നല്കിയിട്ടുണ്ട്. നാളികേരത്തിന്റെ സംരേണവും വിപണനവും സംബന്ധിച്ച് വിപുലമായ ഒരു പദ്ധതി തയ്യാറാക്കി എൻ. സി. ഡി. സി. യുടെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. അതുപോലെ മറ്റു കാർഷിക വിളകൾക്ക് തക്കതായ വിലകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്. മലയോര കർഷകർക്ക് പട്ടയം നല്കുന്ന കാര്യം കേന്ദ്ര സർക്കാരുമായി ചർച്ചകൾ നടത്തി വരികയാണ്. വൻപിച്ച ജലസേചന പദ്ധതികൾ കഴിയുന്നതും വേഗത്തിൽ പൂർത്തിയാക്കുന്നതിനും ഭൂഗർഭജലം പരമാവധി പ്രയോജനപ്പെടുത്തുവാനുമുള്ള നടപടികൾ എടുത്തു കഴിഞ്ഞു. വൻപിച്ച സാമ്പത്തിക ബുദ്ധിമുട്ട് കാരണം കാർഷിക കടങ്ങൾ റദ്ദ് ചെയ്യുന്നതിനോ റവന്യൂ നടപടികൾ നിർത്തി വയ്ക്കുന്നതിനോ ബുദ്ധിമുട്ടുണ്ട്. നെൽക്കൃഷിക്കാരെ സഹായിക്കുന്നതിനായി സർക്കാർ വളരെയധികം നടപടികൾ എടുത്തിട്ടുണ്ട്. ഗവൺമെന്റ് നേരത്തെ ഈ സഭയിൽ പ്രസ്താവിച്ചിരുന്നതുപോലെ ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് ഉൾപ്പെടെയുള്ള ശുപാർശകൾ പരിശോധിച്ച് അധികം താമസിയാതെ നടപടികൾ സ്വീകരിക്കുന്നതാണ്. നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെക്കുറിച്ചും ഈ സമരം ശാന്തമായി പര്യവസാനിപ്പിക്കുന്നതിനുംവേണ്ടി കർഷക സംഘടനകളുടെ പ്രതിനിധികളുമായി ഗവൺമെന്റ് ചർച്ച നടത്തുന്നതാണ്. ഈ സാഹചര്യത്തിൽ നിരാഹാര സത്യാഗ്രഹം പിൻവലിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

V റിപ്പോർട്ട് സമർപ്പണം

1. 1986-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച എട്ടാം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 1986-ലെ കേരള പൊതു വില്പന (ഭേദഗതി) ബില്ലിനെ സംബന്ധിച്ച എട്ടാം സബ്ജക്റ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2. 1986-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമസംഘം (ഭേദഗതി) ബിൽ സംബന്ധിച്ച രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, 1986-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമ സംഘം (ഭേദഗതി) ബിൽ സംബന്ധിച്ച രണ്ടാം സബ്ജക്റ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly